മത്സ്യബന്ധന യാനങ്ങൾ കൂടി EEZ-ൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(സി) ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ ഒന്നാംതന്നെ നടപ്പിലാക്കരുത് എന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

119 (124) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദേശ മൂലധന പങ്കാളിത്തമുള്ള സംയുക്ത സംരംഭകർക്ക് മത്സ്യബന്ധനത്തിന് അനുമതി നല്കാൻ കേന്ദ്രം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) റിപ്പോർട്ടിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപേക്ഷയിന്മേൽ കേന്ദ്ര ഗവൺമെന്റ് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇന്ത്യൻ EEZ-ൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനായി കേന്ദ്ര സർക്കാർ 2014-ൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ 22 നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ഇന്ത്യൻ EEZ-ൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാരിന് കീഴിലുള്ള Animal husbandry, Dairing and Fisheries വകുപ്പിന്റെ രേഖാമൂലമുള്ള അനുമതി പത്രം (LOP) ആവശ്യമാണ്. സമുദ്ര വിഭവങ്ങളുടെ potentiality പുനരുജ്ജീവിപ്പിക്കുന്നതിനായി Long line tuna fishing, Purse Seining tuna fishing, Mid-water pelagic trawler തുടങ്ങിയ മത്സ്യബന്ധന രീതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ഇന്ത്യൻ EEZ-ൽ പ്രവർത്തിക്കുന്ന ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന കേന്ദ്ര സർക്കാർ ഉത്തരവുകൾക്ക് വിധേയമായി വേണം പ്രവർത്തിക്കേണ്ടത്.

3. സർക്കാരിന്റെ അനുമതി കൂടാതെ രേഖാമൂലമുള്ള സമ്മതപത്രം (LOP) കൈമാറാൻ പാടുള്ളതല്ല. മാർഗ്ഗരേഖകളുടെ കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) കേന്ദ്രസർക്കാർ ഒരു മറുപടിയും നൽകിയിട്ടില്ല.

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫണ്ട്

120(125) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന പുതിയാപ്പ ഹയർ സെക്കന്ററി സ്കൂളിന് കെ.എസ്.സി.എ.ഡി.സി. മുഖേന ഫണ്ട് അനുവദിയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ കോർപ്പറേഷൻ മുഖേന ഇതുവരെ അനുവദിച്ച പ്രവൃത്തികളും തുകയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 11 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2644.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly